VMHS/A1/164/12 30/05/23

## റീ -ക്വട്ടേഷൻ പരസ്യം

വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി മാനേജിങ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുന്നത്

വൈറ്റില മൊബിലിറ്റി ഹബ് വക 25.19 ഏക്കർ (approximately)വിസ്തീർണ്ണമുള്ള സ്ഥലത്തെ തെങ്ങുകളിൽ നിന്നും 15/06/2023 മുതൽ 31/05/2024 വരെ നാളികേരം ശേഖരിച്ചു കൊണ്ടുപോകുന്നതിന് താല്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

## നിബന്ധനകൾ

1. ക്വട്ടേഷൻ 1000/- രൂപ നിരതദ്രവ്യത്തോടൊപ്പം വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി മാനേജിങ് ഡയറക്ടർ എന്ന വിലാസത്തിൽ 07.06.2023 ഉച്ചയ്ക്ക് 1.00 PM മുതൽ 3 PM രെ സ്വീകരിക്കുന്നതും അന്നേദിവസം 3.30ന് അപ്പോൾ സന്നിഹിതരായിരിക്കുന്ന ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകരിക്കുന്നതുമാണ്.
2. ക്വട്ടേഷൻ തുക നിരതദ്രവ്യം ഉൾപ്പെടെ അപ്പോൾതന്നെ അടച്ചു രസീത് വാങ്ങേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിച്ചതായി അറിയിപ്പ് കിട്ടി ,ഒരാഴ്ചയ്ക്കകം ബാക്കി തുക അടച്ചു സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വിളവെടുപ്പ് നടത്തേണ്ടതും നാളികേരത്തിൻറെ എണ്ണം ഓഫീസിൽ ബോധ്യപ്പെടുത്തിയ ശേഷം കൊണ്ടുപോകേണ്ടതുമാണ്. ക്വട്ടേഷൻ അംഗീകരിച്ചാൽ ഒരു ആഴ്ചക്കകം എഗ്രിമെന്റ് വയ്‌ക്കേണ്ടതും അല്ലാത്തപക്ഷം നിരതദ്രവ്യം കണ്ടു കെട്ടുന്നതാണ്
3. നാളികേരം ഇടുമ്പോൾ സ്ഥലത്തെ മറ്റു വിളകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുവാൻ പാടുള്ളതല്ല. മറിച്ച് സംഭവിച്ചാൽ ഉണ്ടാകുന്ന നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ്. ഓല, മടൽ മുതലായവ സ്വന്തം ചെലവിൽ സ്ഥലത്തുനിന്ന് നീക്കം ചെയ്യേണ്ടതാണ്.
4. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ. മേൽ നിബന്ധനകൾ പൂർണമായും പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥൻ ആയിരിക്കും.
5. പ്രത്യേകകാരണം കൂടാതെ ക്വട്ടേഷൻ അസ്ഥിരപ്പെടുത്താനുള്ള അധികാരം മാനേജിങ് ഡയറക്ടർക്ക് ഉണ്ടായിരിക്കും.
6. ലേല കാലയളവ് ആയ 15/06/2023-നും31/05/2024-നും ഇടയ്ക്ക് വൈറ്റില മൊബിലിറ്റി ഹബ്ബിന് പ്രൊജക്റ്റ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്ന പക്ഷം കരാർ റദ്ദാക്കപ്പെടുന്നതും കരാർ റദ്ദാക്കപ്പെട്ട കാലയളവിൽ ഉള്ള ആനുപാതിക കരാർ തുക വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി കരാറുകാരന് മടക്കി നൽകുന്നതുമാണ്.
7. ക്വട്ടേഷൻ നടപടികൾ മാനേജിങ് ഡയറക്ടറുടെ തീരുമാനപ്രകാരം ആയിരിക്കും.
8. കേരള സർക്കാരിൻറെ നിലവിലുള്ള എല്ലാ ക്വട്ടേഷൻ നിബന്ധനകളും ഇതിന് വിധേയമായിരിക്കും.

Sd/-

മാനേജിങ് ഡയറക്ടർ